**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2826. 06.02.2018 ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ മദ്യപാന ശീലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കുട്ടികൾ വളരെ കുറഞ്ഞ പ്രായത്തിൽ തന്നെ മദ്യപാനം ആരംഭിക്കുന്നത് കേരളത്തിലാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടില്ല. |
| (ബി) | ഗ്രാമങ്ങളെ അപേക്ഷിച്ച് നഗര മേഖലയിലെ കുട്ടികളിൽ മദ്യപാന ശീലം വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടില്ല. |
| (സി) | പത്ത് വയസ്സിനു മുമ്പ് മദ്യപാനമാരംഭിക്കുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി | കുട്ടികൾക്ക് മദ്യം ലഭിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ? | (ഡി) | മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2906 ലഹരി വിരുദ്ധ ക്ളബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ലഹരി വിരുദ്ധ ക്ളബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി- യുവജന- മഹിളാ - സന്നദ്ധ- സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനു വേണ്ടി വൈവിദ്ധ്യങ്ങളായ പരിപാടികളാണ് നടത്തിവരുന്നത്. ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറു |

| | | | |
|---|---|---|---|
| | | | കൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവത്ക്കരണ ക്ളാസുകൾ പി.റ്റി.എ കളുമായി സഹകരിച്ചു കൊണ്ട് ബോധവത്ക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ളബ്ബുകൾ, ക്ളബ്ബ് പ്രവർത്തകർ, ക്ളബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട്. സമഗ്രമായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു സൈക്കോളജിസ്റ്റിനെയും ഒരു സോഷ്യോളജിസ്റ്റിനെയും ഉൾപ്പെടുത്തി റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. 23 വയസ്സിന് താഴെയുള്ളവർ മദ്യം വാങ്ങുന്നതും ഉപയോഗിക്കുന്നതും, 23 വയസ്സിന് താഴെയുള്ളവർക്ക് മദ്യം വിൽക്കുന്നതും നിയമാനുസരണം നിരോധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**